# GMLPS Karuvanthiruthy

# Academic Master Plan

## 2025-26

# പൊതു ലക്ഷ്യങ്ങൾ

- സ്കൂളിൽ എത്തുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക.
- എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ്, അറബി ഭാഷകളിൽ എഴുതാനും വായിക്കാനുമുള്ള കഴിവ് ഉറപ്പുവരുത്തുക.
- 'ഓരോ കുട്ടിയും ഒന്നാമതാണ്' എന്ന ലക്ഷ്യം മുൻനിർത്തി കുട്ടികളുടെ അഭിരുചി, കഴിവ് എന്നിവയ്ക്ക് പരമാവധി പ്രോത്സാഹനവും ഉയർന്ന പരിശീലനവും ലഭ്യമാക്കുക.
- വായന ഒരു സംസ്ക്കാരമായി രൂപപ്പെടുത്തുന്നതിനാവശ്യമായ തരത്തിലുള്ള പ്രവർത്തനങ്ങൾ ഒരുക്കും.
- ഓരോ ടേമിലും കുട്ടികൾ നേടേണ്ട അറിവും കഴിവും മുൻകൂട്ടി തയ്യാറാക്കും.
- ആശയ പ്രകടന ശേഷി വർദ്ധിപ്പിക്കാൻ സഹായകരമായ തരത്തിൽ വിദ്യാലയ പ്രവർത്തനങ്ങൾ സംഘടിപ്പിക്കും.
- ജൈവ വൈവിധ്യ കലവറയായി വിദ്യാലയത്തെ മാറ്റും.
- ഹരിത പെരുമാറ്റച്ചട്ടം പാലിച്ച് സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധനം, ശുചിത്വം, വേസ്റ്റ് മാനേജ്മെന്റ് തുടങ്ങിയവ കൃത്യമായി നടപ്പിലാക്കൽ.
- ഹരിത സേന രൂപീകരിക്കൽ.
- ഇംഗ്ലീഷ് ഭാഷയിൽ അനായാസേന ആശയ വിനിമയം നടത്തുന്നതിനും, വിവിധ ഡിസ്കോഴ്സിന് ഓരോ ക്ലാസിന്റേയും ഏറ്റവും ഉയർന്ന നിലവാരത്തിൽ ഉപയോഗിക്കുന്നതിനുമുള്ള കഴിവുണ്ടാക്കൽ.
- പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾക്ക് ഓരോ വിഷയത്തിലും കൈത്താങ്ങ് നൽകൽ.
- സമഗ്ര ഗുണമേന്മ, വിദ്യാഭ്യാസ പദ്ധതിയനുസരിച്ച് ഓരോ കുട്ടിക്കും ആവശ്യമായ പ്രവർത്തനങ്ങൾ ക്ലാസ് തലത്തിൽ ആസൂത്രണം ചെയ്യൽ.

# അക്കാദമിക മികവിനായി ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ

## വികസന ലക്ഷ്യങ്ങൾ

- ഭാഷാശേഷി വികസനം
- ഗണിതശേഷി വികസനം
- വായനാശേഷി വികസനം
- ലൈബ്രറി ശാക്തീകരണം
- സ്കോളർഷിപ്പ് പരീക്ഷാ പരിശീലനം
- പഠനയാത്രകൾ
- സ്കൂൾ പത്രം, മാസിക
- പ്രവൃത്തി പരിചയ പരിശീലനം
- പച്ചക്കറിത്തോട്ടം

## വിഭാഗങ്ങൾ

എൽപി വിഭാഗം:

- ഉദ്ഗ്രഥനം
- മലയാളം
- ഇംഗ്ലീഷ്
- ഗണിതം
- പരിസര പഠനം

## ക്ലബ്ബ് പ്രവർത്തനങ്ങൾ

- സയൻസ് ക്ലബ്ബ്
- പരിസ്ഥിതി ക്ലബ്ബ്
- ഗണിത ക്ലബ്ബ്
- ഇംഗ്ലീഷ് ക്ലബ്ബ്
- വിദ്യാരംഗം കലാസാഹിത്യ ക്ലബ്ബ്
- ശുചിത്വ ക്ലബ്ബ്

# മലയാളം/പഠനപിന്നാക്കാവസ്ഥ

പ്രവർത്തനം :
പേര് : **പുസ്തകം എന്റെ ചങ്ങാതി**
ഉപമേഖല വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളിൽ സാഹിത്യാദിരുചി വളർത്തുക | പുസ്തകങ്ങൾ ലൈബ്രറിക്ക് മുന്നിൽ കുട്ടികൾക്ക് പരിചയപ്പെടുന്നതിനായി പ്രദർശിപ്പിക്കുന്നു. ലഘുവിവരണവും പ്രദർശിപ്പിക്കുന്നു. | ആഴ്ചയിൽ ഒരു ദിവസം (രണ്ട് പുസ്തകം) | ആനന്ദൻ മാഷ് | 1000 |

പ്രവർത്തനം :
പേര് : **എന്റെ പിറന്നാൾ പുസ്തകം**
ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മികച്ച വായനാശീലം വളർത്തുക | എല്ലാ ക്ലാസിലും ക്ലാസ് ലൈബ്രറി ലഭ്യമാക്കുന്നു 'പിറന്നാൾ പുസ്തകം' പരിപാടിയിലൂടെ പുസ്തകങ്ങൾ ശേഖരിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | 5000 |

പ്രവർത്തനം :
പേര് : **ഉച്ചഭാഷിണി വായന**
ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അർഥപൂർണ്ണമായി വായിക്കാൻ കുട്ടികൾക്ക് കഴിയുന്നു. | ഉച്ചഭാഷിണിയിലൂടെ ഒരു ദിനം ഒരു കുട്ടിയുടെ വായന | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | |

പ്രവർത്തനം :

പേര് : അക്ഷരക്കൂട്ടം (വായനാകോർണർ)

ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മികച്ച വായനാശീലം വളർത്തുക | ഒഴിവുസമയങ്ങളിൽ വായിക്കുവാൻ ഓരോ ക്ലാസ്സ്മുറികളിലും പ്രത്യേകം വായനാ കോർണർ ഒരുക്കുന്നു | ജൂൺ മുതൽ മാർച്ച് വരെ | സ്കൂൾ ലൈബ്രറി കമ്മറ്റി | 4000 |

പ്രവർത്തനം :

പേര് : സ്കൂൾ ലൈബ്രറി

ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മികച്ച വായനാശീലം വളർത്തുക | സ്കൂൾ ലൈബ്രറി വിപുലീകരിച്ചു ലൈബ്രറി സജ്ജമാക്കൽ. സ്കൂൾ ലൈബ്രേറിയനെ നിയമിക്കൽ | ജൂൺ മുതൽ മാർച്ച് വരെ | പി.ടി.എ. പ്രാദേശിക ക്ലബ്ബ്കൾ | 5000 |

പ്രവർത്തനം :

പേര് : ക്ലാസ്തല കയ്യെഴുത്ത് മാഗസിൻ

ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്ക്കരിക്കുന്നതിനുള്ള കഴിവ് നേടുക | ഓരോ മാസത്തിലെ പഠന പ്രവർത്തനങ്ങളിലെ മികച്ച പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് ക്ലാസ്തല കയ്യെഴുത്ത് മാഗസിൻ ഒരുക്കൽ | എല്ലാ മാസവും | ക്ലാസ്സ് ടീച്ചർ | 2000 |

## എൽപി വിഭാഗം

### ഉദ്ഗ്രഥനം

**ഉപലക്ഷ്യങ്ങൾ:**

1. 1, 2 ക്ലാസ്സുകളിലെ കുട്ടികൾക്ക് മലയാളം, ഇംഗ്ലീഷ് എന്നീ ഭാഷകളിലുള്ള ലേഖനം, ഭാഷണം, ശ്രവണം, വായന എന്നീ ശേഷികൾ മെച്ചപ്പെടുത്തുന്നതിന്.
2. സംഖ്യാബോധം വളർത്തിയെടുക്കുന്നതിനും ഗണിത പഠന താല്പര്യം വളർത്തുന്നതിനും.
3. അക്ഷരങ്ങളും ചിഹ്നങ്ങളും ധാരണ ഉറപ്പിക്കുന്നതിന്.
4. ഒരക്ക സംഖ്യകളുടെ സങ്കലനവും വ്യവകലനവും ധാരണ ഉറപ്പിക്കുന്നതിന്.
5. ലഘുവാക്യങ്ങൾ, അനായാസം എഴുതുന്നതിന് പ്രാപ്തമാക്കുന്നതിന്.
6. ചിഹ്നങ്ങൾ തെറ്റുകൂടാതെ ഉപയോഗിക്കാൻ പ്രാപ്തരാക്കുന്നതിന്.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അക്ഷരങ്ങളും ചിഹ്നങ്ങളും ധാരണ ഉറപ്പിക്കുന്നതിന് | **അക്ഷര ചിഹ്നങ്ങൾ**<br>• അക്ഷരങ്ങൾ ഉപയോഗിച്ച് ചിത്രങ്ങൾ വരക്കുന്നു, നിറം നൽകുന്നു, പ്രദർശിപ്പിക്കുന്നു, കുട്ടികൾക്ക് അംഗീകാരം നൽകുന്നു.<br>• ചിത്രവായന<br>• വായനോത്സവം<br>• സചിത്ര ബുക്ക് | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ | PTA |

| | | | | |
|---|---|---|---|---|
| | **<u>അക്ഷര പാട്ട്</u>**<br>• അക്ഷരപ്പാട്ട് നൽകി ആവർത്തിച്ച് വരുന്ന വാക്കുകൾ കണ്ടെത്തൽ | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ | |
| | **<u>അക്ഷര ഗ്ലോബ്</u>**<br>• ഉപയോഗ ശൂന്യമായ ഗ്ലോബുകൾ, അക്ഷരങ്ങൾ ഒട്ടിക്കുന്നു. അക്ഷരങ്ങൾ ഉപയോഗിച്ച് പുതിയ വാക്കുകൾ ഉണ്ടാക്കുന്ന കളികൾ മത്സരങ്ങൾ എന്നിവയിൽ ഏർപ്പെടുന്നു. | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ | |
| | **<u>എന്റെ പദ ശേഖരം</u>**<br>• അക്ഷരകാർഡുകൾ, ചിഹ്നങ്ങൾ എന്നിവ ഉപയോഗിച്ച് പുതിയ വാക്കുകൾ ഉണ്ടാക്കുന്ന കളികൾ, മത്സരങ്ങൾ എന്നിവയിൽ ഏർപ്പെടുന്നു.<br>• സംയുക്ത ഡയറി | | | |
| **<u>ഗണിതം</u>**<br>ഗണിത പഠന പ്രവർത്തനങ്ങൾ ലളിതമാക്കൽ | • വിവിധ തരം സംഖ്യാ കേളികൾ കുട്ടികൾക്ക് പരിചയപ്പെടുത്തുന്നു.<br>• മഞ്ചാടി സഞ്ചി നിർമാണം<br>• സംഖ്യാ പോക്കറ്റ് നിർമാണം | ജൂൺ - മാർച്ച് | | |
| ഗണിതത്തിൽ താൽപര്യം വർദ്ധിപ്പിക്കാൻ | • ഉല്ലാസ ഗണിതം<br>• അബാക്കസ്<br>• ഗണിത പസിലുകൾ പരിചയപ്പെടൽ | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ<br>ഗണിത ക്ലബ്ബ് | |

# ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തൽ | • ശാസ്ത്ര തത്വങ്ങൾ ലളിതമായ പരീക്ഷണങ്ങളിലൂടെയുള്ള കുട്ടികളുടെ അവതരണം<br>• പരീക്ഷണക്കളരി - പരീക്ഷണങ്ങൾ പൊതു സമൂഹത്തിനു മുന്നിൽ പ്രദർശിപ്പിക്കൽ.<br>• സ്കൂൾ തല സയൻസ് എക്സ്ബിഷൻ | ആവശ്യമുള്ള സന്ദർഭങ്ങളിൽ | സയൻസ് ക്ലബ്ബ് | PTA |
| ശാസ്ത്ര മേളകളിൽ പൂർണ പങ്കാളിത്തം ഉറപ്പു വരുത്തൽ | • മേളകളിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് പരമാവധി പ്രോത്സാഹനം നൽകൽ<br>• പക്ഷി നിരീക്ഷണത്തിന് അവസരം നൽകുന്നു.<br>• ഫീൽഡ് ട്രിപ്പ് | | | |

# മലയാളം ക്ലാസ് (3,4)

## ഉപലക്ഷ്യങ്ങൾ

- ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ
- കുട്ടികളിൽ വായനാശീലം വളർത്തുന്നതിന്
- ലേഖനത്തിനുള്ള കഴിവ് വികസിപ്പിക്കുന്നതിന്
- ഭാഷണത്തിനുള്ള കഴിവ് വികസിപ്പിക്കുന്നതിന്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| | **മധുരം മലയാളം** | | | |
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | • ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം പരിശീലനം സംഘടിപ്പിക്കൽ, ആവശ്യമായ സാമഗ്രികൾ ഒരുക്കൽ. | ലക്ഷ്യം നേടുന്നതുവരെ | SRG, ക്ലാസ് ടീച്ചർ | PTA |
| | **വായിക്കാം, വളരാം** | | | |
| വായനശേഷി വളർത്തൽ | • ക്ലാസ് വായനാ കൂട്ടം<br>• ക്ലാസ് ലൈബ്രറി ഒരുക്കൽ<br>• പുസ്തക പരിചയം<br>• വായനാകുറിപ്പ്<br>• ആസ്വാദന കുറിപ്പ്<br>• ആനുകാലിക വായന | വർഷം മുഴുവൻ | HM, SRG, ക്ലാസ് ടീച്ചർ, CPTA | PTA |

| | | | | |
|---|---|---|---|---|
| ലേഖനത്തിനുള്ള കഴിവ് വർദ്ധിപ്പിക്കൽ | **<u>ചിത്ര വായനാ കാർഡുകൾ</u>**<br>• വിവിധ ചിത്രങ്ങൾ അടങ്ങിയ കാർഡുകൾ നൽകിയ ശേഷം അവയുമായി ബന്ധപ്പെട്ട കഥകൾ അല്ലെങ്കിൽ ലഘുവിവരണങ്ങൾ എന്നിവ കുട്ടികൾ തയ്യാറാക്കുന്നു. കുട്ടികൾ തയ്യാറാക്കിയ കഥകൾ പരസ്പരം കൈമാറി അവയെ അടിസ്ഥാനമാക്കിയുള്ള ചിത്രങ്ങൾ വരച്ചു അടിക്കുറിപ്പ് നൽകാനും ആവശ്യപ്പെടുന്നു.<br>• ആഴ്ചയുടെ തുടക്കത്തിൽ ഒരു കഥയുടെ ഒരു വരി എഴുതി ചാർട്ടിൽ പ്രദർശിപ്പിക്കുന്നു. ഒരാഴ്ച കൊണ്ട് ഓരോരുത്തരും ഓരോ വരികൾ ദിവസവും കൂട്ടിച്ചേർത്ത് കഥ പൂർത്തിയാക്കുന്നു. | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ | ക്ലാസ് ടീച്ചർ |
| ഭാഷണത്തിനുള്ള കഴിവ് വികസിപ്പിക്കുന്നതിന് | • വിവിധ വസ്തുക്കൾ, സംഭവങ്ങൾ എന്നിവയെ ആസ്പദമാക്കി വിവര ശേഖരണം നടത്തി ആഴ്ചയിലൊരിക്കൽ ഒരു പ്രസംഗം വീതം നടത്തുന്നു. | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ | ക്ലാസ് ടീച്ചർ |

## 3,4 ഗണിതം

### ഉപലക്ഷ്യങ്ങൾ

- ഗുണന വസ്തുക്കൾ ഉറപ്പിക്കുന്നതിന്.
- സ്ഥാനവിലകൾ ഉറപ്പിക്കുന്നതിന്.
- സങ്കലന, വ്യവകലന ക്രിയകൾ രസകരമായി അഭ്യസിക്കുന്നതിന്.
- ഗണിത പഠന താല്പര്യം വർദ്ധിപ്പിക്കുന്നതിന്.
- ഒറ്റസംഖ്യകൾ, ഇരട്ടസംഖ്യകൾ, ലഘുസംഖ്യാ ശ്രേണികൾ എന്നിവ മനസ്സിലാക്കുന്നതിന്.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടിയെ അറിയാം -പ്രീ ടെസ്റ്റ് | • ഗണിതത്തിൽ പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കാൻ പ്രയാസമുള്ള കുട്ടികളെ കണ്ടെത്തുന്നു.<br>• ഓ രോരുത്തരും ഏത് മേഖലയിലാണ് പ്രയാസം നേരിടുന്നതെന്ന് കണ്ടെത്തുന്നു.<br>• ലഘു നിർദ്ധാരണ ശേഷിയുള്ള പ്രവർത്തനങ്ങൾ നൽകുന്നു. | ജൂൺ | ക്ലാസ് ടീച്ചർ | PTA |
| ഗണിത ക്ലബ്ബ് | • ഗണിത ക്ലബ്ബ് ഉദ്ഘാടനം | ജൂൺ - ജൂലൈ | | |
| ഗണിത കിറ്റ് | • ആവശ്യമായ സാധനങ്ങൾ ഉൾപ്പെടുത്തി എല്ലാ ക്ലാസ്സുകളിലും ഗണിത കിറ്റ് നിർമിക്കുന്നു. | ജൂൺ - ജൂലൈ | | |

| | | | | |
|---|---|---|---|---|
| കളിക്കളം | • ഗണിത കിറ്റിലെ ശേഖരണ വസ്തുക്കൾ ഉപയോഗിച്ച് ഗണിത കളികളിൽ ഏർപ്പെടുന്നു. അതുമായി ബന്ധപ്പെട്ട പ്രായോഗിക പ്രവർത്തനങ്ങൾ നിർദ്ധാരണം ചെയ്യുന്നു. | ആഗസ്റ്റ് | | |
| ഗണിത വിസ്മയം | • ഗണിത ക്ലബ്ബിന്റെ നേതൃത്വത്തിൽ അംഗങ്ങൾ, ഗണിത ചോദ്യങ്ങൾ, കുസൃതി കണക്കുകൾ സ്കൂളിലെ മുഴുവൻ കുട്ടികൾക്കും നൽകുന്നു.<br>• നോട്ടീസ് ബോർഡിൽ ഗണിത ചോദ്യങ്ങൾ ഇടുന്നു. ഉത്തരം കണ്ടെത്തുന്നവരെ വിജയികളായി തെരഞ്ഞെടുക്കുന്നു. | ആഗസ്റ്റ് | | |
| ഉല്ലാസ ഗണിതം | • ഗണിത വിജയം ഉപയോഗിച്ച് വിവിധ കളികളിൽ ഏർപ്പെടുന്നു. | ഓഗസ്റ്റ് - സെപ്തംബർ | | |
| വിസ്മയച്ചെപ്പ് | • ശില്പ ശാല<br>• സംഖ്യാപോക്കറ്റ് നിർമാണം<br>• ടാൻഗ്രാം നിർമാണം<br>• ഗണിത വിദഗ്ദ്ധരെ കൊണ്ടുവരുന്നു | സെപ്തംബർ- ഒക്ടോബർ | | |
| സംഖ്യാ കേളികൾ | • തിയേറ്റർ ഗെയിം, സംഖ്യാ കേളികൾ എന്നിവ പരിചയപ്പെടുത്തുന്നു. | ജൂൺ - മാർച്ച് | | |

| | | | | |
|---|---|---|---|---|
| മാന്ത്രിക കൂടാരം | • മാന്ത്രിക ചതുരം, ഗണിത പസിലുകൾ എന്നിവ പരിചയപ്പെടുത്തൽ, പരിശീലനം | നവംബർ | | |
| രാമാനുജൻ മാസം | • ഗണിത അസംബ്ലി<br>• ശ്രീനിവാസ രാമാനുജനെ പരിചയപ്പെടുത്തൽ | ഡിസംബർ | | |
| നേരവും കാലവും | • സമയവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യുന്നതിന് കുട്ടികൾ നേരിടുന്ന പ്രയാസങ്ങൾ കണ്ടെത്തുന്നു. പരിഹാരം കണ്ടെത്തുന്നു. ക്ലോക്ക് മാതൃകകൾ നിർമിക്കുന്നു. | ജനുവരി | | |
| കുട്ടിപീട്യ | • ഗണിതത്തെ നിത്യജീവിതവുമായി ബന്ധപ്പെടുത്തുന്ന നിരവധി സന്ദർഭങ്ങൾ കുട്ടികൾക്ക് കാണുവാനും കേൾക്കുവാനും മനസ്സിലാക്കുവാനും അവസരം നൽകുന്നു.<br>• കുട്ടിപീട്യ ഒരുക്കുന്നു. | ഫെബ്രുവരി | | |

# ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് നന്നായി വായിക്കാനും എഴുതാനും സംസാരിക്കാനും ഉള്ള ശേഷീ വികസനം | • ഇംഗ്ലീഷ് ക്ലബ്ബിന്റെ പ്രവർത്തനം കാര്യക്ഷമമാക്കൽ<br>• ആഴ്ചയിൽ ഒരു ദിവസം ഇംഗ്ലീഷ് അസംബ്ലി. –മാറി മാറി ഓരോ ക്ലാസ്സിനും ചുമതല<br>• ഇംഗ്ലീഷിൽ ഡയറി എഴുത്ത് -ഓരോ കുട്ടിയും. | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ, ഇംഗ്ലീഷ് ക്ലബ്ബ് | |
| ഇംഗ്ലീഷ് ഭാഷയിൽ സർഗാത്മക ശേഷീ വികസനം | • ഇംഗ്ലീഷ് കഥ, കവിത, രചനാ ക്യാമ്പ്, ഉൽപന്നങ്ങൾ പ്രസിദ്ധീകരിക്കൽ | മാസത്തിൽ ഒരിക്കൽ | ക്ലാസ് ടീച്ചർ | |
| ഇംഗ്ലീഷ് ലൈബ്രറി | • ഇംഗ്ലീഷ് പുസ്തകങ്ങൾ, റീഡിങ് കാർഡ് എന്നിവ ഉൾപ്പെടുത്തി ഇംഗ്ലീഷ് ലൈബ്രറി രൂപപ്പെടുത്തുന്നു. | | | |
| My word Book | • 'My word Book' തയ്യാറാക്കുന്നു.<br>• ടീച്ചറുടെ സഹായത്തോടെ കുറേ വാക്കുകൾ കണ്ടെത്തി 'My word Book' തയ്യാറാക്കുന്നു. | | | |

## ഉപ മേഖല -ദിനാചരണങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിവിധ ശേഷികളുടെ വികസനം | • ജൂൺ മുതൽ മാർച്ച് വരെ പ്രധാന ദിനാചരണങ്ങൾ പഠന പ്രവർത്തനമായി സംഘടിപ്പിക്കൽ | ജൂൺ - മാർച്ച് | ക്ലബ്ബ് കൺവീനർ | |

## ഉപ മേഖല - ആരോഗ്യമുള്ള ശരീരം, മനസ്സ് രൂപപ്പെടുത്തൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ആരോഗ്യമുള്ള ശരീരം, ആരോഗ്യമുള്ള മനസ്സ് രൂപപ്പെടുത്തൽ , വിദ്യാഭ്യാസം ഫലപ്രദമാക്കൽ | • തയ്കോണ്ടോ പരിശീലനം | ജൂൺ - മാർച്ച് | സ്പോർട്സ് കൺവീനർ | |

# അക്കാഡമിക് മാസ്റ്റർ പ്ലാൻ 2025-26

## ജി എം എൽ പി സ്കൂൾ കരുവൻതിരുത്തി

ലക്ഷ്യങ്ങൾ :- 1. അറബി അക്ഷരങ്ങളുടെ ഉച്ചാരണം, എഴുത്തു രീതി എന്നിവ മനസ്സിലാക്കി വായിക്കാനും എഴുതാനുമുള്ള കഴിവ്

2. ചിഹ്നങ്ങൾ തിരിച്ചറിഞ്ഞ വായന പദനിർമ്മാണം പദശേഖരണം

3. ഉപചാര വാക്കുകൾ മനസ്സിലാക്കുന്നു പറയുന്നു

4. കഥ, കവിത എന്നിവ കേട്ട് ആസ്വദിക്കുന്നതിന്

5. മാഗസിൻ നിർമ്മാണം

6. ദിനാചരണങ്ങൾ പരിചയപ്പെടുന്നു

| ഉപലക്ഷ്യങ്ങൾ | ഉപലക്ഷ്യങ്ങൾ നടപ്പിൽ വരുത്താൻ കണ്ടെത്തിയ പരിപാടികൾ | നടപ്പിൽ വരുത്തുന്ന പ്രവർത്തനങ്ങളുടെ സൂക്ഷ്മാസൂത്രണം | ഓരോ ഘട്ടത്തിലെയും പ്രതീക്ഷിത തെളിവുകൾ | പൊതുസമൂഹത്തിന്റെ മുൻപിൽ പങ്കിടുന്ന രീതികൾ | നിർവ്വഹണ കാലയളവ് |
|---|---|---|---|---|---|
| 1. അക്ഷര വായന<br>• എഴുത്തുരീതി<br>• ചിഹ്നങ്ങൾ ചേർത്തു വായന | 1.അക്ഷരകാർഡുകൾ നൽകുന്നു<br>2.അക്ഷരങ്ങൾക്ക് നിറം നൽകാൻ<br>3.ഉച്ചാരണശുദ്ധിയോടെ വായിക്കാൻ പരിശീലിപ്പിക്കുന്നു<br>4.അക്ഷരങ്ങൾ outline നൽകി എഴുതാൻ പരിശീലിപ്പിക്കുന്നു<br>5. ICTഉപയോഗിക്കുന്നു | 1.തെറ്റായരീതിയിൽ നൽകി കുട്ടി അക്ഷരങ്ങൾ തിരിച്ചറിയുന്നുണ്ടോ എന്ന് പരീക്ഷിക്കുന്നു<br>2.രക്ഷിതാവിന്റെ സഹായത്താൽ കുട്ടിയെ പരിശീലിപ്പിക്കുന്നു<br>3. അക്ഷരപഠന സഹായി ഉപയോഗിക്കുന്നു<br>4. വീടുകളിൽ അക്ഷരച്ചാർട്ട് | 1.കുട്ടികൾ വായിക്കുന്നു ഉച്ചാരണശുദ്ധി ഉണ്ടാകുന്നു<br>2.ചിഹ്നങ്ങൾ തിരിച്ചറിയുന്നു | CPTA | ജൂൺ<br>ജൂലൈ<br>ആഗസ്റ്റ് |

| ഉപലക്ഷ്യങ്ങൾ | ഉപലക്ഷ്യങ്ങൾ നടപ്പിൽ വരുത്താൻ കണ്ടെത്തിയ പരിപാടികൾ | നടപ്പിൽ വരുത്തുന്ന പ്രവർത്തനങ്ങളുടെ സൂക്ഷ്മാസൂത്രണം | ഓരോ ഘട്ടത്തിലെയും പ്രതീക്ഷിത തെളിവുകൾ | പൊതുസമൂഹത്തിന്റെ മുൻപിൽ പങ്കിടുന്ന രീതികൾ | നിർവ്വഹണ കാലയളവ് |
|---|---|---|---|---|---|
| പദനിർമാണം പദശേഖരണം | 1.അക്ഷരക്കാർഡുകൾ നൽകി പദങ്ങൾ നിർമ്മിക്കാൻ പരിശീലനം നൽകുന്നു 2.പാഠപുസ്തകങ്ങൾക്ക് പുറമേ പുതിയ പദങ്ങൾ ശേഖരിക്കാൻ അവസരം നൽകാം 3. പദനിർമാണ മത്സരങ്ങൾ നടത്തുന്നു | രക്ഷിതാവിന്റെ സഹായത്തോടെ പരിശീലിപ്പിക്കുന്നു ഒഴിവ് വേളകളിൽ അധിക പ്രവർത്തനങ്ങൾ നൽകാം | | CPTA | ഓഗസ്റ്റ് സെപ്റ്റംബർ ഒക്ടോബർ |
| ഉപചാര വാക്കുകൾ മനസിലാക്കുന്നു | പാഠപുസ്തകത്തിലെ ഉപചാര വാക്കുകൾ .......................................... നിത്യേന ക്ലാസ്സിൽ സന്ദർഭങ്ങൾക്ക് അനുസരിച്ച് ഉപയോഗിക്കുന്നു | വീടുകളിലും സന്ദർഭത്തിനനുസ-രിച്ച് പറഞ്ഞു ശീലിക്കാൻ | | CPTA | ഓഗസ്റ്റ് സെപ്റ്റംബർ ഒക്ടോബർ നവംബർ |

| | | | | | |
|---|---|---|---|---|---|
| കവിത കേട്ട് ആസ്വദിക്കുന്നു<br><br>മാഗസിൻ നിർമ്മാണം | ചെറിയ കവിതകൾ കഥകൾ വായിച്ച് അവതരിപ്പിക്കുമ്പോൾ കഥാപാത്രങ്ങൾ ഉപചാരമാക്കുക പുതിയ പദങ്ങൾ എന്നിവ തിരിച്ചറിയുകയും വായിക്കാൻ പരിശീലിപ്പിക്കുകയും ചെയ്യുന്നു ചിത്രങ്ങൾ വരക്കാം | ചെറിയ കഥാകവിത ബുക്കുകൾ വീടുകളിൽ നൽകി രക്ഷിതാവിന്റെ സഹായത്തോടെ വായിക്കാൻ പരിശീലിപ്പിക്കുന്നു<br><br>ക്ലാസിൽ പദങ്ങൾ കണ്ടെത്തി മത്സരം നടത്തുന്നു | ചിത്രങ്ങൾ അക്ഷരങ്ങൾ പദങ്ങൾ ഉപചാര വാക്കുകൾ കഥ കവിത ശേഖരിച്ചത് ഇവയെല്ലാം ഉൾപ്പെടുത്തി ഒരു മാഗസിൻ നിർമ്മാണം | CPTA | ഡിസംബർ - മാർച്ച് |
| ദിനാചരണങ്ങൾ പരിചയപ്പെടൽ | ഓരോ ദിനാചരണത്തിന്റെയും ഭാഗമായി അറബിയിലുള്ള പ്ലക്കാർഡുൾ നിർമ്മിച്ച ചെറിയ വിവരങ്ങൾ നൽകുന്നു | രക്ഷിതാവിന്റെ സഹായത്തോടെ ചിത്രങ്ങൾ വരയ്ക്കുന്നതിനും സഹായം തേടുന്നു | | | ജൂൺ - മാർച്ച് |